1. ശ്രീമതി റ്റി. കെ. ഫിലോമ്മ
2. ശ്രീമതി ബി. ആർ. ത്രേസ്യാമ്മ
3. ശ്രീമതി ബി. വനജ

(സി) നിയമന അംഗീകാര ഉത്തരവിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു. * 21-6-1999 മുതലാണ് മാനേജരുടെ നിയമന ഉത്തരവ്. 1998-99 അദ്ധ്യയന വർഷത്തിൽ മൂന്ന് അഡീഷണൽ പോസ്റ്റ്, സ്റ്റാഫ് ഫിക്സേഷൻ മുഖേന ഉണ്ടായിട്ടുണ്ട്. അതു താല്ക്കാലിക പോസ്റ്റുകളാണ്. സ്ഥിരം പോസ്റ്റായി മാറണമെങ്കിൽ സ്റ്റാഫ് ഫിക്സേഷൻ മുഖാന്തിരം ഉണ്ടായിട്ടുള്ള പ്രസ്തുത പോസ്റ്റുകൾക്ക് തുടർച്ചയായി നാലു വർഷം സ്കൂൾ അദ്ധ്യയന വർഷം അതായത് (1998-1999 മുതൽ) സ്റ്റാഫ് ഫിക്സേഷനിലൂടെ ലഭിച്ചിരിക്കണം. ആയതിനാൽ മേൽപ്പറഞ്ഞിട്ടുള്ള മൂന്നു പോസ്റ്റുകളും താല്കാലികമാണ്. 1999-2000-ലെ സ്റ്റാഫ് ഫിക്സേഷന്റെ ആരംഭം 15-7-1999-ൽ ആണ്. ആയതിനാൽ വ്യവസ്ഥയനുസരിച്ച് അന്നു മുതൽ അദ്ധ്യയന വർഷത്തിന്റെ അവസാന ദിവസംവരെ (സ്കൂൾ ക്ലോസിംഗ് ഡേറ്റ് 31-3-2000) വരെ നിയമനം അംഗീകരിച്ചിട്ടുണ്ട്.

(ഡി) പരാതിക്കാരുടെ അപ്പീലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) കോപ്പികൾ ഉള്ളടക്കം ചെയ്യുന്നു. * ഉത്തരവുകൾ വ്യത്യസ്ത മാകാനുള്ള കാരണം പരിശോധിച്ചു വരുന്നു.

കേരളത്തിലെ അംഗീകൃത ഹിന്ദി ട്രെയിനിംഗ് സ്കൂളുകൾ

72 (2947) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗവൺമെന്റ് അംഗീകൃത ഹിന്ദി ട്രെയിനിംഗ് സ്കൂളുകൾ ഏതെല്ലാമാണ് ;

(ബി) അവയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എത്ര ശതമാനമാണ് സംവരണം ചെയ്തിരിക്കുന്നത് ;

(സി) ഒരു വർഷം എത്ര കുട്ടികൾക്ക് ട്രെയിനിംഗ് നൽകും ;

(ഡി) ഈ വർഷം സംവരണ വിഭാഗത്തിൽ എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകി ;

(ഇ) സംവരണ വിഭാഗത്തിന് അഡ്മിഷന് മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (1) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലാംഗ്വേജ് ട്രെയിനിംഗ്-തിരുവനന്തപുരം

(2) ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ.

(ബി) പ്രവേശന പരീക്ഷയ്ക്കു ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ സംവരണ മാനദണ്ഡങ്ങൾക്കു വിധേയമായിട്ടാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

(സി) ആകെ 320 കുട്ടികൾക്ക് ട്രെയിനിംഗ് നൽകുന്നുണ്ട് 160 സീറ്റുകളിലേക്ക് തെരഞ്ഞെടുക്കുന്നതു ഓപ്പൺ ക്വാട്ടയിൽ നിന്നും ബാക്കി 160 സീറ്റുകളിലേയ്ക്കു തെരഞ്ഞെടുക്കുന്നത് 'ഡിപ്പാർട്ടുമെൻറ്' ക്വാട്ടയിൽ നിന്നുമാണ്. ഡിപ്പാർട്ടുമെന്റു ക്വാട്ടയിൽ വേണ്ടത്ര അപേക്ഷകൾ ലഭിക്കാതെ വന്നതിനെതുടർന്ന് 261 സീറ്റുകളിലേയ്ക്കു ഓപ്പൺ ക്വോട്ടയിൽ നിന്നും തെരഞ്ഞെടുക്കുകയുണ്ടായി.

(ഡി) ഈ വർഷം സംവരണ വിഭാഗത്തിൽ പ്രവേശനം നൽകിയവരുടെ വിവരം താഴെ ചേർക്കുന്നു.

ഈഴവ	-	33
മുസ്ലീം	-	29
എസ്. സി.	-	21
വിശ്വകർമ്മ	-	8
എൽ. സി.	-	10
എസ്സ്. റ്റി.	-	4
ഒ. ബി. സി.	-	8
നാടാർ	-	5
ധീവര	-	3
ചേരമർ ക്രിസ്ത്യൻ	-	3

(ഇ) ഇല്ല.

കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ അബ്ദുള്ള എന്ന ജീവനക്കാരന്റെ അപമര്യാദയായ പെരുമാറ്റം

73 (2948) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ അബ്ദുള്ള എന്ന ജീവനക്കാരൻ അദ്ധ്യാപകരോട് അപമര്യാദയായി പെരുമാറുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly